**അശരണരും രോഗബാധിതരുമായ കലാ-സാംസ്ക്കാരിക പ്രവർത്തകർക്ക്**
**അടിയന്തിര ചികിത്സാ സഹായം – അപേക്ഷാ ഫോറം**

1. പേര് :

2. വിലാസം :

3. ജനന തീയതി, വയസ്സ് :

4. കലാ വിഭാഗം :

5. ഇപ്പോൾ കലാ രംഗത്ത് പ്രവർത്തിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തു കൊണ്ട് :

6. കലാ സേവനം, ലഭിച്ചിട്ടുള്ള അംഗീകാരം :

7. വാർഷിക വരുമാനം :
(സ്വാതന്ത്ര്യ സമര പെൻഷൻ, കലാകാര പെൻഷൻ, കുടുംബ പെൻഷൻ, സർവ്വീസ് പെൻഷൻകാരുടെ ഡി.എ., പ്രായപൂർത്തിയായ മക്കളുടെ വരുമാനം എന്നിവ വരുമാനങ്ങളിൽ ഉൾപ്പെടുന്നതല്ല)

8. വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ :

9. ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ :

10. മറ്റ് ഏതെങ്കിലും പദ്ധതി പ്രകാരം ധന സഹായമോ ചികിത്സാ സഹായമോ ലഭിക്കുന്നുണ്ടോ? :

11. ഈ പദ്ധതി പ്രകാരം ഇതിന് മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ :

മേൽ പറഞ്ഞ വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം: പേര്:
തീയതി: ഒപ്പ്:

---

കുറിപ്പ്:- വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, കലാരംഗത്തെ പ്രവർത്തനം സംബന്ധിച്ച സാക്ഷ്യ പത്രങ്ങളുടെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

**കേരള സർക്കാർ**
**സംഗ്രഹം**

സാംസ്ക്കാരിക കാര്യ വകുപ്പ് - അശരണരും രോഗബാധിതരുമായ കലാസാംസ്ക്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി - ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. (സാംസ്ക്കാരിക കാര്യ സി) വകുപ്പ്

**സർക്കാർ ഉത്തരവ് - നമ്പർ (എം.എസ്) 45/2001 തീയതി 7.09.2001**

അനുബന്ധം

അശരണരും രോഗബാധിതരുമായ കലാസാംസ്ക്കാരിക പ്രവർത്തകർക്കും സിനിമാ ടി.വി.സീരിയൽ കലാകാരന്മാർക്കുമുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ.

1. ഈ ചട്ടങ്ങൾ അശരണരും, രോഗബാധിതരുമായ കലാസാംസ്ക്കാരിക പ്രവർത്തകർക്കും, സിനിമാ, ടി.വി.സീരിയൽ കലാകാരന്മാർക്കുമുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ എന്ന് പേരലറിയപ്പെടുന്നു.

2. ചികിത്സാ സഹായം 2000/- രൂപ മുതൽ പരമാവധി 10,000/- രൂപ വരെ നൽകുന്നതാണ്.

3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാ പ്രസംഗം, ഹരികഥ, ചിത്രകല, ശില്പകല, നാടൻ കലകൾ എന്നീ കലാരംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചികിത്സാ ധനസഹായത്തിനായി അതാത് അക്കാദമികളിൽ അപേക്ഷിക്കാവുന്നതാണ്. സിനിമ, ടി.വി.സീരിയൽ രംഗങ്ങളിലെ കലാകാരന്മാർ ചലച്ചിത്ര അക്കാദമി വഴി അപേക്ഷിക്കേണ്ടതാണ്.

4. കളരി അഭ്യാസങ്ങൾ നടത്തുന്നവർ, സർക്കസ് കലാകാരന്മാർ തുടങ്ങിയവർ ഈ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അപേക്ഷിക്കാൻ യോഗ്യരല്ല.

5. അപേക്ഷകന്റെ പ്രതിമാസ വരുമാനം 1500/-രൂപയിൽ കവിയാൻ പാടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്യ സമര പെൻഷനും കലാകാര പെൻഷനും ഒഴികെ എല്ലായിനം പെൻഷനും വരുമാനമായി കണക്കിലെടുക്കുന്നതാണ്.

6. പ്രായപൂർത്തിയായ മക്കളുടെ വരുമാനം, കുടുംബപെൻഷൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, കലാകാര പെൻഷൻ, സർവ്വീസ് പെൻഷൻകാരുടെ ഡി.എ. എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല.

7. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8. ചികിത്സാ ധനസഹായം സർക്കാർ ആശുപത്രികളിൽ അഡ്മിറ്റായി ചികിത്സയിൽ കഴിയുന്ന അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് മാത്രം നൽകുന്നതാണ്. ഇത്തരത്തിൽ ചികിത്സയിലാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രി അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9. മറ്റ് കേസുകളിൽ രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ചികിത്സ സംബന്ധിച്ച രേഖകളും (സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) മരുന്ന് വാങ്ങിയതിന്റെ ബില്ലും ബന്ധപ്പെട്ട അക്കാദമിയിൽ ഹാജരാക്കേണ്ടതും അക്കാദമികൾ അവ പരിശോധിച്ച് ബില്ലുകളുടെ പകർപ്പുകൾ സഹിതം ധനസഹായത്തിനുള്ള അപേക്ഷകൾ സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

10. ജില്ലാ കളക്ടർ മുഖേന സാംസ്ക്കാരിക വകുപ്പായിരിക്കും ധനസഹായം വിതരണം ചെയ്യുന്നത്. മറ്റ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്കും മറ്റ് രീതിയിൽ ചികിത്സാ ധനസഹായ ലഭിക്കുന്നവർക്കും ഈ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

11. ഗവൺമെന്റിലേക്കയച്ച രേകകൾ യാതൊരു കാരണവശാലും തിരിച്ച് ലഭിക്കുന്നതല്ല.

12. ധനസഹായം ലഭിക്കുന്നതിന് കുറഞ്ഞ പ്രായപരിധി 50 വയസ്സായിരിക്കും.

13. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.